# നിസാമുദ്ദീൻ ദർഗ, ദൽഹി

**അമീർ ഒതുക്കുങ്ങൽ**

അനാചാരങ്ങളുടേയും തിന്മകളുടേയും കൂത്തരങ്ങുകളാണ് സകല ദർഗകളും. കേരളത്തിൽ ഇത്തരം ദർഗകൾ നിരവധിയുണ്ട്. ഇവിടെ നടക്കുന്ന അനാചാരങ്ങളും തിന്മകളും മുജാഹിദുകൾ ജനങ്ങൾക്ക് മുമ്പിൽ എൽ.സി.ഡി. പ്രദർശനത്തിലൂടെ കാണിക്കാൻ തുടങ്ങിയപ്പോൾ അതിന് കേരള ക്വുബൂരികൾ പറഞ്ഞ മറുപടി അതെല്ലാം ഉത്തരേന്ത്യയിലാണെന്നും അതിന് തങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നുമായിരുന്നു. ഉത്തരേന്ത്യയിലായാലും ദക്ഷിണേന്ത്യയിലായാലും അത്തരം പ്രവർത്തനങ്ങൾക്ക് കേരള ക്വുബൂരി പണ്ഡിതന്മാർ ഫത്‌വകൾ നൽകിയിട്ടുണ്ടെന്നത് മനപൂർവ്വം വിസ്മരിക്കാനാണ് ഈ ക്വുബൂരികൾ ശ്രമിക്കുന്നത്. കേരളത്തിലെ ദർഗകളിൽ നിന്ന് ശിർക്കും ബിദ്അത്തും യഥേഷ്ടം വാരിക്കൂട്ടിയിട്ടും സായൂജ്യമടയാത്തവർ ഉത്തരേന്ത്യയിലേക്കും സിയാറത്ത് ടൂറിന് ആളുകളെ ആട്ടിത്തെളിക്കുന്നത് നാം പതിവായി കാണാറുണ്ട്. പത്തും പതിനഞ്ചും ദിവസം നീണ്ടുനിൽക്കുന്ന ഇത്തരം സിയാറത്ത് ടൂറുകളിൽ ഉത്തരേന്ത്യയിലെ മുഴുവൻ ദർഗകളും സന്ദർശിച്ച് ഒരു ഹജ്ജ് കഴിഞ്ഞ് വരുന്ന പ്രതീതിയോടെയാണ് ക്വുബൂരികൾ കേരളത്തിൽ കാല് കുത്താറുള്ളത്.

കേരള ക്വുബൂരികളുടെ ആശാകേന്ദ്രവും അവലംബവുമായ ദർഗകളിലൊന്നാണ് ഡൽഹിയിൽ സ്ഥിതിചെയ്യുന്ന നിസാമുദ്ദീൻ ദർഗ. ദർഗകളുമായി ബന്ധപ്പെട്ട് എന്തൊക്കെ തിന്മകളുണ്ടോ അതെല്ലാം അഭംഗുരം നിസാമുദ്ദീനിൽ നടക്കുന്നുണ്ട്. ഈ ദർഗ ഉത്തരേന്ത്യയിലാണെന്ന് പറഞ്ഞ് ഒരിക്കലും കേരള ക്വുബൂരികൾക്ക് കൈകഴുകാനാവില്ല. കാരണം, ക്വുബൂരീ പണ്ഡിതന്മാർ ദർഗയുമായി ബന്ധപ്പെട്ട് അനുവദിച്ച കാര്യങ്ങൾ തന്നെയാണ് നിസാമുദ്ദീനിൽ നടക്കുന്നത്. ദൽഹിയിലും പരിസരത്തും പഠിക്കുകയും താമസിക്കുകയും ചെയ്യുന്ന കേരള ക്വുബൂരികൾ ആഴ്ചയിൽ ഒരിക്കലെങ്കിലും ഇവിടെയെത്തി ഇവിടെ നടക്കുന്ന ആചാര അനുഷ്ഠാനങ്ങളിൽ പങ്കെടുക്കാറുണ്ട്. ആരാണ് നിസാമുദ്ദീൻ? നിസാമുദ്ദീന്റെ ചരിത്രം എന്ത്? അതിലേക്ക് വെളിച്ചം വീശുകയാണ് ഈ ലേഖനത്തിലൂടെ.

1238ൽ ഉത്തർപ്രദേശിലെ സോത്ത് നദിയുടെ തീരത്തെ ബുദൗനിലാണ് നിസാമുദ്ദീൻ ജനിച്ചതെന്ന് പറയപ്പെടുന്നു. മുഹമ്മദ്ബിൻ അഹമദ് ബിൻ ഡാനിയൽ അൽ ബുഖാരിയെന്നാണ് നിസാമുദ്ദീന്റെ പേര് എന്ന് ഡോക്ടർ ഹുസൈൻ രണ്ടത്താണി രചിച്ച നിസാമുദ്ദീൻ ചരിത്രത്തിൽ പറയുന്നു. ആ പേരിൽ തുടങ്ങുന്നു നിസാമുദ്ദീന്റെ വൈരുദ്ധ്യ ചരിത്രം. സൈതുമുഹമ്മദ് നിസാമി രചിച്ച പുസ്തകത്തിൽ പറയുന്നത് മുഹമ്മദ് അഹമ്മദ് ബ്നു അലിയ്യുൽ ബുഖാരി എന്നാണ് നിസാമുദ്ദീന്റെ പേര് എന്നാണ്. നിസാമുദ്ദീൻ തികച്ചും ഒരു സൂഫിയായിട്ടായിരുന്നു ജീവിതം കഴിച്ചുകൂട്ടിയത്. സൂഫികളെ സംബന്ധിച്ചിടത്തോളം അവരുടെ ലോകം വേറെയാണ്. അവരുടെ ചിന്തയും പ്രവർത്തനവും വേറെയാണ്. അതിന് ഇസ്‌ലാമിനേക്കാൾ ബന്ധം ഹൈന്ദവ വിശ്വാസത്തോടാണ്. സമസ്തക്കാർ ഇന്ന് പരിചയപ്പെടുത്തുന്ന ഏതെങ്കിലും ഒരു സൂഫിയുടെ ജീവിതരീതി ഒരൊറ്റ പ്രവാചകനോ സ്വഹാബത്തിനോ ഉണ്ടായിരുന്നില്ല എന്ന് മനസ്സിലാക്കുമ്പോൾ സൂഫിസവും ഇസ്‌ലാമും തമ്മിലുള്ള ബന്ധം മനസ്സിലാകും. ചിന്തയും മസ്തിഷ്കവും ഷണ്ഡീകരിച്ച് സമൂഹത്തോടും കുടുംബത്തോടുമുള്ള ബാധ്യതകളിൽ നിന്ന് ഒളിച്ചോടി ഏകാന്തജീവിതം നയിക്കുന്ന സൂഫികളിലും സൂഫിസത്തിലും മാധുര്യം കണ്ടെത്തിയത് ക്വുബൂരികളും അതിനെ

പ്രോത്സാഹിപ്പിക്കുന്നത് ഇസ്‌ലാമിന്റെ ശത്രുക്കളായ പാശ്ചാത്യ ലോബിയുമാണ്. ക്വുബൂരി സമൂഹം അതിൽ അനുഭൂതി കണ്ടെത്തുമ്പോൾ ഇസ്‌ലാമിന്റെ ശത്രുക്കൾ സൂഫിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ കാരണം വേറെയാണ്. മുസ്‌ലിം സമൂഹത്തിന്റെ ചിന്തയും പ്രവർത്തനങ്ങളും മരവിപ്പിച്ച് അവരെ ഒന്നിനും കൊള്ളരുതാത്തവരാക്കാനാണ് ഇസ്‌ലാമിന്റെ ശത്രുക്കൾ സൂഫിസത്തെ പ്രോത്സാഹിപ്പിക്കുന്നത്. സൂഫിസമാണ് യഥാർത്ഥ ഇസ്‌ലാം എന്ന് അവർ പ്രത്യക്ഷമായും പരോക്ഷമായും സൂചിപ്പിക്കുന്നതിന്റെ കാരണം മറ്റൊന്നല്ല.

നിസാമുദ്ദീന്റെ പല പ്രവർത്തനങ്ങളിലും പ്രവാചകന്റെയോ സ്വഹാബത്തിന്റെയോ മാതൃക കാണുന്നില്ല എന്നതാണ് രസകരം.നിസാമുദ്ദീന്റെ ആരാധനാ രീതികളെക്കുറിച്ച് ഖുറാഫീ ചരിത്രം പറയുന്നത് കാണുക.

''അധികദിവസങ്ങളിലും നിസാമുദ്ദീൻ ഔലിയ വ്രതമെടുക്കും. രാത്രിയിൽ നോമ്പിനുള്ള അത്താഴം കൊണ്ടുവരുന്ന ജോലി ഖാജാ അബ്ദുറഹിമാനാണ്. അൽപം മാത്രം അത്താഴം കഴിച്ച ശേഷം ബാക്കി ബന്ധുക്കൾക്കും കുട്ടികൾക്കും കൊടുക്കാൻ നിർദ്ദേശിക്കും. പലപ്പോഴും ഔലിയ അത്താഴം കഴിക്കാറില്ല.'' (നിസാമുദ്ദീൻ ഔലിയ പേജ്. 26).

ഇതാണ് സൂഫികളുടെ ജീവിതരീതി. അല്ലാഹു അനുവദിച്ചതും പുണ്യമാക്കിയതും ഒഴിവാക്കുക. അനുവദിക്കാത്ത പലതും ചെയ്യുക. നോമ്പിന് അത്താഴം കഴിക്കൽ വളരെ പുണ്യമാണെന്നാണ് തിരുനബി പഠിപ്പിച്ചിട്ടുള്ളത്. പക്ഷെ അതൊന്നും സൂഫികൾക്ക് ബാധകമല്ല. മാത്രവുമല്ല, ഏറ്റവും വലിയ മുത്തഖിയായ മുഹമ്മദ് നബി(സ്വ) പോലും ചെയ്യാത്ത ആരാധനാരീതികൾ നിസാമുദ്ദീൻ ചെയ്തിരുന്നുവെന്ന് ചരിത്രകാരന്മാരായ ഖുറാഫികൾ ബ്ലണ്ടറടിക്കുന്നു. നിസാമുദ്ദീനെപറ്റി പറയുന്നത് കാണുക.

''നാനൂറോ അഞ്ഞൂറോ റക്അത്ത് രാത്രി നമസ്കരിക്കാറുള്ള ഔലിയക്ക് അക്കാരണത്താൽ യാതൊരു ക്ഷീണവും കാണാറേ ഇല്ലത്രേ. അൽപം മാത്രം ഉറങ്ങിയെങ്കിലായി.'' (അതേ പുസ്തകം. പേജ്. 26)

ഇതിൽപരം ഒരു ബഡായി വേറെ എന്തുണ്ട്. എത്ര ചുരുക്കിയാലും ഒരു റക്അത്ത് നമസ്കരിക്കാൻ രണ്ട് മിനിട്ട് വേണം. അപ്പോൾ അഞ്ഞൂറ് റക്അത്തിന് എത്ര സമയം വേണമെന്ന് വായനക്കാർ കണക്ക് കൂട്ടുക. രാത്രി നമസ്കാരം ഇശാക്ക് ശേഷമാണല്ലോ. ഇശാക്ക് ശേഷം സുബ്ഹി വരെ എത്ര മണിക്കൂർ കിട്ടും. മാത്രവുമല്ല, ഇതിനിടയിൽ അൽപം ഉറങ്ങാറുമുണ്ടായിരുന്നു എന്ന് വായിക്കുമ്പോഴേ ബഡായി പൂർത്തിയാകൂ. ''ഔലിയാക്കന്മാരുടെ കറാമത്ത്കൊണ്ട് ഏത് കാര്യങ്ങളും സാധിക്കും വഹ്ഹാബീ'' എന്നായിരിക്കും ഖുറാഫീ വാദം. അങ്ങനെയാണെങ്കിൽ പിന്നെ അതിലെവിടെ ത്യാഗത്തിന്റെ അംശം?

സംഗീതം ഹറാമാണെന്നാണ് തിരുനബിയുടെ ഹദീസുകളിലുള്ളത്. അത് പൈശാചിക രാഗമാണെന്നുപോലും മഹാന്മാർ പറഞ്ഞിട്ടുണ്ട്. നിസാമുദ്ദീന്റെ കാലത്തും സംഗീതത്തിനെ ശക്തമായി എതിർത്തിരുന്ന പണ്ഡിതന്മാർ ഉണ്ടായിരുന്നുവെന്ന് ചരിത്ര പുസ്തകം പറയുന്നു. പക്ഷെ നിസാമുദ്ദീന്റെ ഖാൻഖാഹിൽ ഈ ചടങ്ങ് ഇടക്കിടെ സംഘടിപ്പിക്കാറുണ്ടായിരുന്നുവത്രേ. വാദ്യോപകരണങ്ങളോടുകൂടിയ ഖവാലി സൂഫികൾക്ക് എന്നും ലഹരിയാണ്. അത് പൈശാചികമാണെന്ന് ഇസ്‌ലാം പറഞ്ഞിട്ടുണ്ടെങ്കിലും അതിലും ആത്മീയ അനുഭൂതി സൂഫികൾ കണ്ടെത്തുന്നു.

പതിനാറാം വയസ്സിൽ ദൽഹിയിലെത്തിയ നിസാമുദ്ദീൻ ദൽഹിയിൽ തന്നെ പിന്നീട് തമ്പടിക്കുകയാണുണ്ടായത്. ഇതിനിടയിൽ ദൽഹിയിൽ മാറിമാറി ഭരണം നടത്തിയിരുന്ന മുസ്‌ലിം രാജാക്കന്മാരോട് ഇടഞ്ഞും ഇണങ്ങിയുമായാണ് നിസാമുദ്ദീൻ കഴിഞ്ഞിരുന്നത്. പലപ്പോഴും ഭരണകർത്താക്കൾക്ക് പുല്ലുവിലപോലും നിസാമുദ്ദീൻ കൽപിച്ചിരുന്നില്ല. ഒരു രാജാവിനോട് പ്രജകാ

ണിക്കേണ്ട അനുസരണം ഒരിക്കലും നിസാമുദ്ദീൻ കാണിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ പല രാജാക്കന്മാരും നിസാമുദ്ദീന്റെ ശത്രുത പിടിച്ചുപറ്റിയിരുന്നു. ചിശ്തിയ്യാ ത്വരീഖത്തിന്റെ മശായിഖും പ്രചാരകനുമായിരുന്നു നിസാമുദ്ദീൻ. 1325ലാണ് നിസാമുദ്ദീൻ മരണപ്പെടുന്നത്. ജീവിതകാലത്ത് തന്നെ നിസാമുദ്ദീന്റെ മുന്നിൽ ശിഷ്യന്മാർ സുജൂദ് ചെയ്യാറുണ്ടായിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ കാണാം. മരണശേഷവും അതിന് മാറ്റമൊന്നുമില്ല. ഇന്ന് നിസാമുദ്ദീന്റെ ദർഗയിലാണ് സുജൂദ് എന്നുമാത്രം. പക്ഷെ രസകരമായ ഒരു വസ്തുത തന്റെ ക്വബ്റിന് മുകളിൽ ഒരു കുടീരം പണിയുന്നത് നിസാമുദ്ദീന് ഇഷ്ടമില്ലായിരുന്നുവെന്നാണ്. ക്വുറാഫികൾതന്നെ പറയട്ടെ.

''ചില അനുയായികൾ അവരുടെ വലിയ കൊട്ടാരങ്ങളിൽ ഔലിയക്ക് അന്ത്യവിശ്രമമൊരുക്കാൻ ആഗ്രഹിച്ചു. ഔലിയ പറഞ്ഞു: ''വേണ്ട എന്നെ ഒരു തുറന്ന സ്ഥലത്ത് മറവ് ചെയ്താൽ മതി'' *(നിസാമുദ്ദീൻ ഔലിയ പേജ്. 67)*

നിസാമുദ്ദീന് ശേഷം പൂർണതയെത്തിയ ഒരു ശൈഖ് ഇനിയുണ്ടാവില്ലെന്നാണ് ഖുറാഫികൾ പറയുന്നത്. പക്ഷെ നിസാമുദ്ദീന് ശേഷം ആയിരക്കണക്കിന് ആളുകളെ ക്വുബൂരികൾ ഔലിയയായി അവരോധിച്ചിട്ടുണ്ട്. ഓരോരുത്തരെക്കുറിച്ചും ഇതുപോലെ എന്തെങ്കിലും ബഡായി പൊട്ടിച്ചുകൊണ്ടിരിക്കും. തന്നെ ഒരു തുറന്ന സ്ഥലത്ത് മറവ് ചെയ്താൽ മതിയെന്ന് നിസാമുദ്ദീൻ പറഞ്ഞെങ്കിലും പിൽക്കാലത്ത് ക്വുബൂരീ അനുയായികൾ അവിടം വലിയ ദർഗ പണിത് ആരാധന തുടങ്ങി. ആ ആരാധന അതിന്റെ മൂർധന്യാവസ്ഥയിലാണ് നിലകൊള്ളുന്നത്. എല്ലാ ശവ്വാൽ മാസത്തിലും അവസാനത്തെ ബുധനാഴ്ച രാവിൽ മൂന്ന് മണിക്ക് നിസാമുദ്ദീന്റെ മക്ബറ പനനീർ ജലംകൊണ്ട് കഴുകാറുണ്ട്. കഴുകിയ ജലം പുണ്യതീർത്ഥമായി വിതരണം ചെയ്യുന്നു. തലച്ചോർ മരവിച്ച ഭക്തന്മാർ സംസം ജലത്തേക്കാൾ പുണ്യത്തോടെയാണ് ആ ജലം ഉപയോഗിക്കുന്നത്. മാത്രവുമല്ല, മക്കത്തുപോയി ഹജ്ജ് ചെയ്യാൻ കഴിവില്ലാത്ത ക്വുബൂരികൾ നിസാമുദ്ദീന്റെ ദർഗ സന്ദർശിച്ചാൽ മതിയത്രെ. ആ ദർഗ സന്ദർശിച്ചാൽ ഹജ്ജ് ചെയ്ത കൂലിയുണ്ട്പോലും. ഖുതുബുദ്ദീൻ ഐബക് ഡൽഹി ഭരിച്ചിരുന്ന കാലത്ത് മുൾത്താനിലെ ശൈഖ് റുകുനുദ്ദീൻ അബ്ദുൽ ഫത്താഹ് എന്ന സൂഫി നിസാമുദ്ദീന്റെ ദർഗ സന്ദർശിച്ചാണ് ഈ സന്തോഷവാർത്ത ക്വുബൂരികളെ അറിയിച്ചത്. പ്രസ്തുത സംഭവം പൂങ്കാവനം ബുക്സ് പ്രസിദ്ധീകരിച്ച 'സൂഫിക്കഥകൾ' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് കാണുക.

''നിസാമുദ്ദീന്റെ മരണശേഷം അദ്ദേഹത്തിന്റെ മഖ്ബറ സന്ദർശിച്ചപ്പോൾ അബ്ദുൽ ഫത്താഹ് പറഞ്ഞു. ഹജ്ജിനുള്ള പ്രതിഫലം ഈ തീർത്ഥാടനത്തിന് കിട്ടും'' *(പേജ്. 16)*

മഹാനായ നബി(സ്വ)യുടെ ക്വബ്ർ സന്ദർശിച്ചാൽപോലും ഹജ്ജിനുള്ള പ്രതിഫലം ലഭിക്കുമെന്ന് ആരും പറഞ്ഞിട്ടില്ല. പക്ഷെ സൂഫികൾക്ക് എന്തും പറയാം, എന്തും ചെയ്യാം. എന്നിട്ടതെല്ലാം ഇസ്‌ലാമിന്റെ പേരിൽ വെച്ചുകെട്ടാം. എന്തൊക്കെ ചെയ്താലും അതേറ്റുപിടിക്കാനും അവരെ ആദരിക്കാനും ക്വബ്റാരാധകരായ ജനങ്ങളുണ്ടാകും.

ദർഗകൾ ഇസ്‌ലാമിക വിരുദ്ധമാണെന്ന് ഒറ്റയടിക്ക് മനസ്സിലാക്കാൻ ചെറിയൊരു ഉദാഹരണം കൂടി. പരിശുദ്ധ ഇസ്‌ലാം മതത്തെ വളരെയധികം നിന്ദിക്കുകയും തകർക്കാൻ ശ്രമിക്കുകയും ചെയ്തിരുന്ന ഒരു മുസ്‌ലിം നാമധാരിയായിരുന്നു അക്ബർ ചക്രവർത്തി. പക്ഷെ ആ അക്ബർ ചക്രവർത്തിക്ക് ഉത്തരേന്ത്യയിലെ ഒരുവിധം ദർഗകളുമായിയൊക്കെ അടുപ്പമുണ്ട്. അത്തരം ദർഗകൾ പരിപോഷിപ്പിക്കാനും സംരക്ഷിക്കാനും അക്ബർ ധാരാളം സമ്പത്ത് തന്നെ ചിലവഴിച്ചിരുന്നു. നിസാമുദ്ദീൻ ദർഗയിലും അക്ബർ തന്റെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നിസാമുദ്ദീൻ ദർഗക്ക് മുകളിലുള്ള മാർബിൾ കുടീരം നിർമ്മിച്ചത് അക്ബർ ചക്രവർത്തിയാണ്. അക്ബർ ചക്രവർത്തി ദർഗകളെ സംരക്ഷിച്ചിരുന്നതും അതിന് വേണ്ടി ധനം ചെലവഴിച്ചതും ഇസ്‌ലാമിനോടുള്ള സ്നേഹംകൊണ്ടായിരുന്നില്ലെന്ന് ചരിത്രം പഠിക്കുന്ന ഏത് കുട്ടിക്കും അറിയാം.

നിസാമുദ്ദീന്റെ ദർഗക്ക് സമീപംതന്നെ ദൽഹി ദർബാറിലെ രാജകവിയായിരുന്ന അമീർ കുസ്രുവിന്റേതെന്ന് പറയപ്പെടുന്ന ഒരു ദർഗയുമുണ്ട്. എന്നാൽ അമീർ കുസ്രുവിനെ അടക്കം ചെയ്തിരിക്കുന്നത് ലാഹോറിലാണെന്നും പറയപ്പെടുന്നു. നിസാമുദ്ദീൻ ദർഗയിൽ നടക്കാത്ത അനിസ്ലാമിക പ്രവർത്തനങ്ങളില്ല. ദർഗയെ മൂടിയിരിക്കുന്ന പുതപ്പിനടിയിലേക്ക് ഒട്ടകപക്ഷി തല പൂഴ്ത്തുംപോലെ തലപൂഴ്ത്തി സുജൂദ് ചെയ്യുന്ന രംഗം ദർഗയിൽ നിത്യകാഴ്ചയാണ്. മാത്രവുമല്ല, ദർഗയുടെ വാതിലിൽ തൂങ്ങിക്കിടക്കുന്ന ചങ്ങലമുക്കിയ വെള്ളംപോലും ഭക്തർ ഏറെ പുണ്യ മായി കരുതുന്നു.

നിസാമുദ്ദീൻ ജീവിച്ചിരുന്ന കാലത്ത് ഇഷ്ടപ്പെടുകയും തന്റെ ഖാൻഖാഹിൽ വെച്ച് നടത്തപ്പെ ടുകയും ചെയ്തിരുന്ന ഖവാലി ദർഗയിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ഒരൊറ്റപ്രാവശ്യം പള്ളിയിൽപോവാത്തവൻപോലും ഈ ഖവാലിയിൽ ആടിപ്പാടി അതിൽ ലഹരിക ണ്ടെത്തുന്നതായി കാണാം. അതിന് പുറമെ പുഷ്പാർച്ചനയും ഹൈന്ദവാചാരത്തിന് സമാനമായ ദീപാരാധനയും ഇവിടെ നടക്കുന്നു. ഏതായാലും നിസാമുദ്ദീൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹ ത്തിന്റെ പലപ്രവർത്തികളും മരണപ്പെട്ടതിന് ശേഷം നിസാമുദ്ദീന്റെ പേരിൽ മുരീദുമാർ കാട്ടിക്കൂ ട്ടുന്ന കോപ്രായങ്ങളും ഇസ്ലാമിന്റെ അക്കൗണ്ടിൽ വരവ് വെക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഇത്തരം ദർഗകളെ ഭയഭക്തിയോടെ കാണുകയും പൂജിക്കുകയും ചെയ്യുന്ന ഖുബൂരികൾ ലോക ത്തിന്റെ പലഭാഗങ്ങളിലുമുണ്ട്. അവർ കേരളത്തിലും കുറവല്ല. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ശിയാക്കൾ എന്നപേരിലാണ് ഇത്തരക്കാരെ അറിയപ്പെടുന്നതെങ്കിൽ കേരളത്തിൽ സമസ്തക്കാർ എന്നപേരിലാണ് ഇവർ അറിയപ്പെടുന്നത് എന്ന വ്യത്യാസമേയുള്ളൂ.